# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T 1035 **30.09.2016**-ൽ മറുപടിയ്ക്ക്.

**എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട്.**

| **ചോദ്യം**<br>ശ്രീ.എം. രാജഗോപാലൻ | | **മറുപടി**<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ പി.ഡബ്ല്യൂ.ഡി അധികൃതരെ കൊണ്ട് നടപ്പിലാക്കുമ്പോൾ ഇതിനാവശ്യമായ തുക പി.ഡബ്ല്യൂ.ഡി ഹെഡുകളിലേയ്ക്ക് ഡിപ്പോസിറ്റ് ചെയ്തു കൊടുക്കാൻ എൽ.എസ്.ജി.ഡി അധികൃതർ താമസ്സം വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇതിനാവശ്യമായ തുക ഡിപ്പോസിറ്റ് ചെയ്തു നൽകാത്തിനാൽ, ടെണ്ടർ നടപടി ഉൾപ്പെടെയുള്ള പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ സമയബന്ധിത തീരുമാനമുണ്ടാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | (ബി) | 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആകെ 150 കോടി രൂപ 4515-00-800-96 LAC-ADS എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. മെയ് മാസത്തിൽ ഇലക്ഷൻ പ്രഖ്യാപിച്ചതിന്റെ കാരണത്താലും വോട്ട് ഓൺ അക്കൗണ്ട് പാസാക്കിയതിന് ശേഷം മാത്രമേ തുക ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം ഉള്ളതിനാലും തുക ഡിപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം വന്നിട്ടുണ്ട്. എൽ.എസ്.ജി.ഡി അധികൃതർ മന:പൂർവ്വം കാലതാമസം വരുത്തിയിട്ടില്ല. നാളിതുവരെ ആകെ 90 കോടിയോളം രൂപ ഈ ശീർഷകത്തിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**